# Athmaraksha.org

നമ്മുടെ കടമകളും ഉത്തരവാദിത്വങ്ങളും

## പാവപ്പെട്ടവരുടെ ആവശ്യങ്ങൾക്ക് പ്രാധാന്യം നൽകുക : ഫ്രാൻസിസ് പാപ്പ



പാവപ്പെട്ടവരുടെ സംരക്ഷണത്തിനും അവരുടെ ആവശ്യങ്ങൾക്കുമായിരിക്കണം കൂടു തൽ പ്രാധാന്യം നൽകേണ്ടതെന്നായിരുന്നു പാപ്പയുടെ ആഞ്ചലൂസ് സന്ദേശം.

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽനിന്നും ഫ്രാൻസിസ് പാപ്പ അനുകമ്പ, പങ്കുവയ്ക്കൽ, നന്ദിപ്രകാശനം എന്നീ സുപ്രധാനമായ മൂന്ന് പാഠങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തു. പാപ്പ പറയുന്നു "തന്നെ പിൻതുടർന്ന ജനക്കൂട്ടത്തെ തടയേണ്ട എന്നാണ് ക്രിസ്തു ശിഷ്യരോടു പറഞ്ഞത്. കാരണം യേശുവിന് അവരോടു തോന്നിയത് അനുകമ്പയാണ്. അവർ ക്രിസ്തുവിന്റെ പിറകേ വന്നത് എന്താണെന്നു അറിയാനുള്ള ജിജ്ഞാസ കൊണ്ടായിരുന്നില്ല, മറിച്ച് അവർക്ക് അവിടുത്തെ ആവശ്യമുണ്ടായിരുന്നതുകൊണ്ടാണ്. തന്റെ അനുകമ്പയുടെ അടയാള പ്രകടനമായിട്ടാണ് അവിടുന്ന് പലർക്കും സൗഖ്യം നൽകിയത്. പാവപ്പെട്ടവരുടെയും അശരണരുടെയും ആവശ്യങ്ങൾ സ്വന്തമായി കാണാനാണ് ക്രിസ്തു പഠിപ്പിച്ചത്."

നിരവധി ആവശ്യങ്ങളുമായി എത്തിയ ജനക്കൂട്ടത്തെ നേരിട്ടു കണ്ടപ്പോൾ ശിഷ്യൻമാർക്കുണ്ടായ വ്യത്യസ്തമായ പ്രതികരണത്തെക്കുറിച്ചാണ് ഫ്രാൻസിസ് പാപ്പ പിന്നീട് വിശദീകരിച്ചത്. തടിച്ചുകൂടിയ ജനക്കൂട്ടത്തിന്റെ വിശപ്പകറ്റാൻ അവരെ പിരിച്ചുവിടാനാണ് ശിഷ്യൻമാർ ആഗ്രഹിച്ചത്. അതേസമയം അവരുടെ വിശപ്പകറ്റാനാണ് ക്രിസ്തു പറഞ്ഞത്. ഫ്രാൻസിസ് പാപ്പ പറയുന്നു "രണ്ടു വ്യത്യസ്തമായ സമീപനങ്ങളാണ് നാം ഇവിടെ കാണുന്നത്. ക്രിസ്തു ശിഷ്യർ ചിന്തിച്ചത് അവരവർക്കാവശ്യമുള്ളത് അവരവർ തന്നെ കണ്ടെത്തട്ടെ എന്നാണ്. എന്നാൽ ക്രിസ്തു ചിന്തിച്ചത് ദൈവത്തിന്റെ യുക്തിക്കനുസരണമായിട്ടാണ്. അതു പങ്കുവയ്ക്കലിന്റെ യുക്തിയാണ്. ക്രിസ്തു പ്രവർത്തിച്ചത് കൺകെട്ടുവിദ്യയല്ല. മറിച്ച് അതൊരു അടയാളമായിരുന്നു. അന്നന്നു വേണ്ടുന്ന ആഹാരം നൽകുന്ന സർവ്വശക്തനായ ദൈവത്തിൽ ഒന്നുചേർന്ന് എല്ലാവരും പങ്കുവെയ്ക്കലിന്റെ അനുഭവത്തിലേയ്ക്കു വരാനാണ് ക്രിസ്തു ക്ഷണിച്ചത്. എങ്ങനെയാണ് സഹോദരങ്ങൾക്കുവേണ്ടി പങ്കിടുന്നതെന്ന് അടയാളത്തിലൂടെ അവിടുന്ന് കാണിക്കുകയും ചെയ്തു."

മൂന്നാമത്തെയും അവസാനത്തെയു സന്ദേശത്തെക്കുറിച്ച് പാപ്പാ പറയുന്നത് ഇങ്ങനെയാണ് "അപ്പം മുറിച്ച് ജനക്കൂട്ടത്തിനു നൽകുന്നതിനുമുൻപ് അവിടുന്ന് പിതാവായ ദൈവത്തിന് നന്ദി അർപ്പിച്ചു. വിശുദ്ധ

കുർബാനയെയാണ് ഇത് ഓർമ്മിപ്പിക്കുന്നത്. ഇതേ പ്രവൃത്തിയാണ് അന്ത്യഅത്താഴവേളയിലും ക്രിസ്തു ചെയ്യുന്നത്. തിരുവത്താഴശുശ്രൂഷയിൽ വിശുദ്ധ കുർബാന സ്ഥാപിച്ച് നന്ദി പ്രകാശത്തിന്റെ ഉദാത്തമാതൃകയാണ് ക്രിസ്തു കാണിച്ചു തന്നത്. വീണ്ടെടുക്കുന്ന ത്യാഗത്തിന്റെ അനശ്വരമായ സ്മരണ നിലനിർത്തുന്നതിനുവേണ്ടിയാണ് ക്രിസ്തു ഇപ്രകാരം ചെയ്തത്. ഭൗതികമായ അപ്പത്തെക്കുറിച്ചല്ല അവിടുന്ന് പറയുന്നത്. മറിച്ച് നിത്യജീവൻ പ്രദാനം ചെയ്യുന്ന ജീവന്റെ അപ്പത്തെക്കുറിച്ചാണ്."